ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പുനലൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 387/04 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) പുനലൂർ നമ്പർ 2 റേഷൻ ഹോൾസെയിൽ ഡിപ്പോയിൽ നിന്നും 50 കി. ഗ്രാം വീതം തൂക്കം വരുന്ന 205 ചാക്ക് റേഷൻ അരി കെ. എൽ. 8 സി. 594-ാം നമ്പർ ലോറിയിൽ കടത്തികൊണ്ടുപോകുന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ 5 പേർക്കെതിരെ പുനലൂർ പോലീസ് സ്റ്റേഷനിൽ റേഷനിംഗ് ആക്ടിന്റെ 5(എ) വകുപ്പു പ്രകാരവും എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിന്റെ 317 വകുപ്പു പ്രകാരവും 19-9-2004-ാം തീയതി ക്രൈം 387/04 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ ടെണ്ടറിൽ നടന്ന അഴിമതി

36 [1551] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 ഡിസംബറിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുളക് വാങ്ങുന്നതിനുവേണ്ടി വിളിച്ച ടെണ്ടറിൽ നടന്ന അഴിമതിയെ കുറിച്ച് ആർ. വിജയകുമാർ എന്നയാൾ പോലീസ് വിജിലൻസ് ഡിപ്പാർട്ടുമെന്റിന് ഒരു പരാതി നൽകിയിരുന്നുവോ ;

(ബി) കോട്ടയം റീജിയണൽ കാളിറ്റി കൺട്രോളർ പണം ആവശ്യപ്പെട്ടതായി പ്രസ്തുത പരാതിയിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും റെയ്ഡ് നടത്തിയിട്ടുണ്ടോ ;

(സി) റെയ്ഡിനെ തുടർന്ന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) റെയ്ഡിൽ കണ്ടെടുത്ത രേഖകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2004 ഡിസംബറിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുളകു വാങ്ങുന്നതിനുവേണ്ടി വിളിച്ച ടെണ്ടറിൽ അഴിമതി നടന്നുവെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. ആർ. വിജയകുമാർ, എ. വി. കെ. ട്രേഡേഴ്സ് അയച്ച പരാതികൾ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ ലഭിച്ചിട്ടുണ്ട്.

(ബി) അപ്രകാരം ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ, 16-12-2004-ാം തീയതി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കോട്ടയം ഡിപ്പോയിൽ ഒരു മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly